**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1037 | 30.09.2016-ൽ മറുപടിയ്ക്ക്

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ഒഴിവുകൾ നികത്താൻ നടപടി**

**ചോദ്യം** | **ഉത്തരം**

**ശ്രീ. യു.ആർ. പ്രദീപ്** | **ശ്രീ. കെ.ടി. ജലീൽ**

**(ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)**

| ക്രമ നമ്പർ | ചോദ്യം | ക്രമ നമ്പർ | ഉത്തരം |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ എത്ര സെക്രട്ടറിമാരുടെ തസ്തികകൾ ഓരോ വിഭാഗത്തിലും ഒഴിഞ്ഞു കിടക്കുന്നുണ്ട്; | (എ) | ഗ്രാമപഞ്ചായത്തുകളിൽ 178-ഉം ബ്ലോക്ക് പഞ്ചായത്തുകളിൽ 44-ഉം ജില്ലാ പഞ്ചായത്തുകളിൽ 8-ഉം സെക്രട്ടറിമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകൾ നികത്തുന്നതിന് നിയമപരമായ തടസ്സം എന്തെങ്കിലും നിലവിലുണ്ടോ; | (ബി) | പഞ്ചായത്ത് വകുപ്പിലെ എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട ജീവനക്കാരുടെ 2010-ൽ പ്രസിദ്ധീകരിച്ചിരുന്ന സീനിയോരിറ്റി ലിസ്റ്റുകൾ 2014-ൽ റദ്ദാക്കുകയും പുതിയ സീനിയോരിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. ഇതു സംബന്ധിച്ച ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിരുന്ന അപേക്ഷകളിൽ 2010-ലെയും 2014-ലെയും ലിസ്റ്റുകൾ റദ്ദാക്കിയിരുന്നു. തുടർന്ന് ഒ.പി. (120/2015), ഒ.പി. (കെ.എ.റ്റി) 144/15, 145/15 നമ്പർ ഹർജികളിൽ ബഹു. ഹൈക്കോടതിയുടെ 11.03.2016-ലെ വിധിന്യായത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് അംഗീകരിച്ചിരുന്നു. ഈ വിധിന്യായത്തിനെതിരെ |

| | | | |
|---|---|---|---|
| | | | ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്യപ്പെട്ട 13785-13786/2016 തുടങ്ങിയ എസ്.എൽ.പി.- കളിലെ 13.05.2016 തീയതിയിലെ ഇടക്കാല ഉത്തരവിൽ നിലവിലെ സ്ഥിതി തുടരുവാൻ ബഹു. സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിനാൽ വിവിധ തസ്തികകളിലെ ഒഴിവുകളിൽ പ്രൊമോഷൻ നടത്താൻ കഴിയാത്ത സ്ഥിതി വകുപ്പിൽ നിലനിൽക്കുകയാണ്.<br><br>ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ നികത്തുന്നതിന് കഴിയുന്നില്ല.<br><br>ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറിമാരെ നിയമിക്കുന്നതിൽ നിയമ തടസ്സമില്ല. |
| (സി) | പദ്ധതി പ്രവർത്തനങ്ങൾ താളം തെറ്റുന്നത് കണക്കിലെടുത്ത് സെക്രട്ടറിമാരുടെ ഒഴിവിലേക്കുള്ള തസ്തികകൾ നികത്തുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന 2010, 2014-ലെ സീനിയോരിറ്റി ലിസ്റ്റുകൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ബഹു. കേരള ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള എസ്.എൽ.പി.കളിൽ 13.05.2016 തീയതിയിലെ ഉത്തരവിൻ പ്രകാരം തൽസ്ഥിതി തുടരുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത എസ്.എൽ.പി.-കളിലെ അന്തിമവിധിയ്ക്ക് വിധേയമായി സെക്രട്ടറി തസ്തികകളിലെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന്റെ നിയമ വശങ്ങൾ പരിശോധിച്ചു വരുന്നു.<br><br>സെക്രട്ടറിമാരില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകളിൽ താൽക്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള സാധ്യത പരിശോധിച്ചു വരികയാണ്.<br><br>ജില്ലാ പഞ്ചായത്തുകളിലെ സെക്രട്ടറി നിയമനം സംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**